**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**

**13-06-2019**

## ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ കാലതാമസം

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം വളരെ ഗൗരവവും ഗുരുതരവുമാണ്. നേരത്തെ തന്നെ ഇത്തരം പ്രശ്നം ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ അവരവരുടെ ഓഫീസുകളിലും ബന്ധപ്പെട്ട വകുപ്പ് തലത്തിലും ഉത്തരങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് റൂൾ ചെയ്തിരുന്നു . ആ റൂളിംഗിന്റെ അടിസ്ഥാനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നതും ശരിയാണ്. എന്നാലും ഡിലേ സ്റ്റേറ്റ്മെന്റ് കൊടുക്കുന്ന രീതിയുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. അങ്ങ് പറഞ്ഞ കാര്യം ശരിയാണെങ്കിലും അതിന്റെ അടിയിലുള്ള കാര്യംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. ഒരു ചോദ്യത്തിനുള്ള മറുപടി അതൊരു ഇടക്കാല മറുപടിയാണെങ്കിൽ പ്രസ്തുത ചോദ്യത്തിനുള്ള അന്തിമ മറുപടി എത്രയും

നേരത്തെ നൽകേണ്ടതുണ്ട്. എന്നാൽ ആ ചോദ്യം ലിസ്റ്റിൽ ചേർത്ത തീയതി മുതൽ പതിനഞ്ച് ദിവസം വൈകാൻ പാടില്ലാത്തതുമാണ് ഇതാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്. അതിന്റെ അടിയിൽ ഇത്തരം ചോദ്യങ്ങൾ ഉപചട്ടം (2) കീഴിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ നൽകാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട മന്ത്രി അതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടൊരു പ്രസ്താവന നടപ്പുസമ്മേളനത്തിലോ അല്ലെങ്കിൽ സഭയുടെ അടുത്ത സമ്മേളനത്തിലോ ഏതാണോ ആദ്യംവരുന്നത് അതിൽ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അപ്പോൾ ഡിലേ സ്റ്റേറ്റ്മെന്റ് എന്ന് പറയുന്നത് സഭയോടുള്ള ഒരു അറിയിപ്പാണ് ആദരവാണ് അങ്ങനെയും കാണണം. ഏതായാലും അനന്തമായ ഡിലേ അംഗീകരിക്കാനാകില്ല . ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായി പരിശോധിക്കും. ഒരു റിവ്യൂ നടത്തി ഈ സഭയെ അറിയിക്കും . മുൻ കാലങ്ങളിൽനിന്നും വ്യത്യസ്തമായ മാറ്റങ്ങളുണ്ട് എന്ന് അംഗീകരിച്ചുകൊണ്ടുതന്നെ ഇതിൽ വരുന്ന അപാകത

പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും ചെയർ റൂൾ ചെയ്യുകയാണ്.